**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3642** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ കാർഷികോല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രധാനപ്പെട്ട കാർഷിക വിളകൾ, നെല്ല്, നാളികേരം പഴം- പച്ചക്കറി മുതലായവയാണ്. നിലവിൽ അവയ്ക്ക് വിലയിടിവ് നേരിടുന്നില്ല. |
| (ബി) | ഇവയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നവ ഏതൊക്കെയെന്ന് അറിയിക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | വിലയിടിവ് തടയുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട്; പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമാണോ; എങ്കിൽ വിശദമാക്കാമോ? | (സി) | കാർഷിക ഉത്പ്പന്നങ്ങൾക്ക് വിലയിടിവ് സംഭവിക്കുമ്പോൾ കർഷകർക്ക് നഷ്ടമുണ്ടാകാതിരിക്കാൻ 16 ഇനം പഴം പച്ചക്കറികൾക്ക് സർക്കാർ അടിസ്ഥാന വില പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങൾ വിൽക്കുമ്പോൾ ലഭിക്കുന്ന വിലയും അടിസ്ഥാന വിലയും തമ്മിലുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. 2020 നവംബർ മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം നാളിതുവരെ 14 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>ഇത് കൂടാതെ ക്രമാതീതമായി കാർഷിക ഉത്പ്പന്നങ്ങൾക്ക് വിലയിടിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ സർക്കാർ വിപണിയിൽ ഇടപെട്ട് ഹോർട്ടികോർപ്പ് മുഖേന സംഭരണം നടത്താറുണ്ട്. സംസ്ഥാനത്ത്, വിവിധയിനം പഴം പച്ചക്കറികൾ, മരച്ചീനി മുതലായവ ഇത്തരത്തിൽ ഹോർട്ടികോർപ്പ് മുഖേന സംഭരിച്ചിട്ടുണ്ട്. ഇതിനു പുറമെ നെല്ല്, കൊപ്ര, പച്ചത്തേങ്ങ, റബ്ബർ എന്നിവയ്ക്ക് കുറഞ്ഞ താങ്ങുവിലയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2025-26 മാർക്കറ്റിംഗ് സീസണിലേക്ക് നെല്ലിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ക്വിന്റലിന് 2369/-രൂപ എന്ന കുറഞ്ഞ താങ്ങുവിലയ്ക്ക് പുറമെ സംസ്ഥാന സർക്കാർ 520/- രൂപ ക്വിന്റലിന് സംസ്ഥാന ഇൻസെന്റീവ് ബോണസ് ആയി നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കൊപ്രയ്ക്ക് ക്വിന്റലിന് 11582/- രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ താങ്ങുവില. എന്നാൽ വിപണി വില നാളികേരത്തിന് കൂടി നിൽക്കുന്നതിനാൽ നിലവിൽ കൊപ്രയുടെയും പച്ചത്തേങ്ങയുടെയും സംഭരണം ആവശ്യമായി വരുന്നില്ല. റബ്ബറിന് നിലവിൽ കിലോഗ്രാമിന് 180/- രൂപയാണ് താങ്ങു വിലയായി കേരള സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ